# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1770

## 04.05.2017 ലെ മറുപടിക്ക്

**എൽ.എ .സി - എ.ഡി.എസ് - പദ്ധതികൾക്കുള്ള ഭരണാനുമതി**

| ചോദ്യം<br>ശ്രീ.വി. ജോയി | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എൽ.എ.സി - എ.ഡി.എസ് - പദ്ധതികൾക്ക് ഭരണാനുമതി നല്കുന്നതിനായി 22.7.15 ലെ 67/15/ധന സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്ത മാക്കാമോ; | ആസ്തി വികസന പദ്ധതിയ്ക്ക് കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായാണ് 22.7.15 ലെ 67/15/ധന സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. മാനദണ്ഡങ്ങളനുസരിച്ച്, എസ്റ്റിമേറ്റും മറ്റു അനുബന്ധ രേഖകളും സഹിതം സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ ധനാനുമതിയും ഭരണാനുമതിയും നൽകി വരുന്നുണ്ട്. |
| (ബി) | എൽ.എ .സി - എ.ഡി.എസ് പദ്ധതികളുടെ ഭരണാനുമതി നല്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ആസ്തി വികസന പദ്ധതിയ്ക്ക് കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനും അവ കാലവിളംബം ഇല്ലാതെ പൂർത്തിയാക്കുന്നതിനുമായി നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന ബഹു.എം.എൽ.എ.മാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നത് ധനകാര്യ വകുപ്പ് പരിഗണിച്ചു വരുന്നു. |
| (സി) | കാലതാമസം നേരിടുന്നുവെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ